കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഏഴിക്കര ഗ്രാമപഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.ഇകെഎം(പി12)140/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം,
സിവിൽ സ്റ്റേഷൻ,
കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി 03/03/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏഴിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- ഏഴിക്കര ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തിലെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടിഡയറക്ടർ

പകർപ്പ്:-

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.

3)കാര്യാലയ പകർപ്പ്.

കെ.എസ്.എ.ഇകെഎം(പ12)140/2020 തീയതി : 03/03/2020

**എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

***(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)***

എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01/04/18 മുതൽ 31/3/19 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 07എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടികൾ പരിഗണിച്ചതിനുശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീ വിനോദ് കെ. കെ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.01.2020 മുതൽ<br>30.01.2020 വരെ. |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.അബ്ദുൽ സലാം ടി. ഐ.<br>ഓഡിറ്റ് ഓഫീസർ (ഹഗ്രേ) |
| | ശ്രീ.സന്തോഷ് കുമാർ കെ. വി.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. രാജീവ് ആർ.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ബെറ്റ്സി സി.എക്സ്.<br>ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പി.എ. ചന്ദ്രിക | 01.04.18 മുതൽ 31.03.19 വരെ |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.കെ.എസ്. ശശീന്ദ്രൻ | 01.04.2018 മുതൽ 21.09.2018 വരെ |
| | ശ്രീമതി സിന്ധു സി. ടി. (ഇൻ ചാർജ്ജ്) | 22.09.18 മുതൽ 03.12.2018 വരെ |
| | ശ്രീമതി എൽ. പ്രസന്നകുമാരി | 04.12.18മുതൽ 31.03.19 വരെ |

## നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ.വിനോദ് പൗലോസ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചീനിയർ | സലീഷ്യ സജിനി | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | സരിത മോഹൻ | 01.04.18 AN മുതൽ 31.03.19 വരെ |
| വി.ഇ.ഒ.(ചാത്തനാട്) | ശ്യാമ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ.(ഏഴിക്കര) | ശ്രീമതി.ടെസ്സി | 01.04.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.നിഷ.കെ | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ധന്യ | 01.04.18 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.കെ.എ.സാബു | 01.04.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | കെ ജി ശ്രീമതി | 01.04.2018 മുതൽ 31.03.19 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി ജയലക്ഷ്മി ടി.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഷൈജ.എം.എസ് | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി സിന്ധു.സി.റ്റി. | 01.04.18 മുതൽ 31.03.19 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |

| | | |
|---|---|---|
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | ഓഡിറ്റ് ഇംപാക്റ്റ് | 1-13 |
| 14 | തൊഴിൽ നികുതി രജിസ്റ്ററുകൾ- അപാകതകൾ | 1-14 |
| 15 | ലൈസൻസ്- അപാകതകൾ | 1-15 |
| 16 | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 1-16 |
| 17 | വെള്ളക്കരം ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുന്നു | 1-17 |
| 18 | പട്ടികജാതി വിഭാഗക്കാർക്ക് ശ്മശാനം-പണി പൂർത്തിയാക്കുന്നില്ല | 1-18 |
| 19 | ഗ്രാമപഞ്ചായത്തിൽ നിന്നും മുൻകൂർ ചെലവഴിച്ച തുക തിരികെ ഈടാക്കിയില്ല. | 1-19 |
| 20 | വീട് വാസയോഗ്യമാക്കൽ പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 1-20 |
| 21 | ഓടിയ ദൂരം നിർണ്ണയിക്കാതെ വാഹനവാടക നല്കി | 1-21 |
| 22 | ലൈഫ് പദ്ധതി – എത്ര ഗഡുക്കൾ നൽകി എന്നത് സംബന്ധിച്ച രേഖകളില്ല. | 1-22 |
| | **ഭാഗം-2** | |
| 23 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്- നഷ്ടം-1100 രൂപ | 2-1 |
| | **ഭാഗം-3** | |
| 24 | കൂലിചെലവ്- അധിക തുക നൽകി | 3-1 |
| | **ഭാഗം - 4** | |
| 25 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 4-1 |
| 26 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 29 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 31 | ഓഡിറ്റ് റിക്കവറി | 4-7 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 33 | ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം | 4-9 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |


# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 ലേക്കുള്ള ബജറ്റ് 22.03.2018 തീയതിയിലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബഡ്ജറ്റ് 19.02.19ലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും അംഗീകരിക്കുകയുണ്ടായി.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 30.04.19 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 06.06.2019 & 07.06.2019 | കെ.എസ്.എ-ഇ.കെ.എം(പിജി) 1227/(39)/2019/ 01.08.2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1270875.70 |
| വരവ് | 33552871.00 |
| ആകെ | 34823746.70 |
| ചെലവ് | 25227848.00 |
| നീക്കിയിരിപ്പ് | 9595898.70 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | ACR പ്രകാരം അലോട്ട്മെന്റ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 10672364 | 10672364 | 10672146 | 0 | 218 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9287000 | 9287000 | 7206320 | 0 | 2080680 |
| വികസന ഫണ്ട് (ടി.എസ്. പി) | 0 | 104000 | 104000 | 55940 | 0 | 48060 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5176000 | 5176000 | 2700580 | 0 | 2475420 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2167400 | 2167400 | 495283 | 0 | 1672117 |
| ധനകാര്യ കമ്മീഷൻ | 0 | 7132193 | 7132193 | 5404000 | 0 | 1728193 |

| | | | | | | |
|---|---|---|---|---|---|---|
| അവാർഡ് | | | | | | |
| എം.എൻ ആർ.ഇ. ജി.എസ്.- ഭരണചിലവ് - കൂലി | 163602 | 526839 | 690441 | 517650 | 172791 | |
| | 0 | 17500660 | 17500660 | 17500660 | 0 | |
| ബാങ്ക് ഓഫ് ഇൻഡ്യ | 8561 | 65360 | 73921 | 65360 | 8561 | |
| ഇ.ഡി.സി.ബി. | 140428 | 0 | 140428 | 50661 | 89767 | |
| പള്ളിയാക്കൽ സഹകരണബാങ്ക് | 2620 | 119 | 2739 | 0 | 2739 | |
| ദുരിതാശ്വാസ നിധി | 3710 | 401 | 4111 | 0 | 4111 | |
| എസ്.എസ്.എ ബാങ്ക് ഓഫ് ഇൻഡ്യ | 4571 | 162 | 4733 | 0 | 4733 | |
| യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ | 102413 | 2734 | 105147 | 0 | 105147 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 274924 | 9057375 | 9332299 | 8312768 | 1019531 | |
| എം.എൻ ലക്ഷം വീട് ട്രഷറി അക്കൗണ്ട് | 1050 | 9450 | 10500 | 0 | 10500 | |
| സാക്ഷരത | 1221 | 47831 | 49052 | 47831 | 1221 | |
| ബാങ്ക് ഓഫ് ഇന്ത്യ തനത് ഫണ്ട് | 438451 | 16289909 | 16728360 | 11715205 | 5013155 | |
| ഇ-പേമെന്റ് എസ്.ബി.ഐ. തനത് | 46822 | 170208 | 217030 | 173460 | 43570 | |
| ജോയിന്റ് വെഞ്ചർ -ബ്ലോക്ക് പഞ്ചായത്ത് | 51887 | 2210000 | 2261887 | 2210000 | 51887 | |
| ജില്ലാ പഞ്ചായത്ത് 0 | | 5884325 | 5884325 | 3173537 | 2710788 | |
| ബി. ഫണ്ട് | 0 | 31518580 | 31518580 | 31518580 | 0 | |
| കാനറ ബാങ്ക്-സാനിട്ടേഷൻ | 0 | 306500 | 306500 | 0 | 306500 | |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 156 | 5121101 | 89 | 4604817 | 20 | 47 | 57% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകൾ</u>

1. ഫ്രണ്ട് ഓഫീസിലേക്ക് പ്രിന്റർ വാങ്ങൽ(109/19)
2. പൗരാവകാശരേഖ പുതുക്കൽ(3/19)
3. പഞ്ചായത്താഫീസ് കെട്ടിടം നെറ്റ്‌വർക്കിംഗ് (78/19)
4. അമേപറമ്പ് ക്ഷേമോദയം റോഡ് സൈഡ് സംരക്ഷണം(64/18)
5. തറയിൽ റോഡ് ബാക്കി ഭാഗം (74/18)

6. ആശ്രയഭവനം(41/18)

.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 163602 | 526839 | 690441 | 517650 | 172791 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 17500660 | 17500660 | 17500660 | 0 |
| ആകെ | 163602 | 18027499 | 18191101 | 18018310 | 172791 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 46680 | 29 |
| കർഷകതൊഴിലാളി പെൻഷൻ | 4850200 | 394 |
| വിധവാ പെൻഷൻ | 7959500 | 669 |
| വാർദ്ധക്യകാല പെൻഷൻ | 14787700 | 1380 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2859300 | 223 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 815200 | 70 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 120000 | 4 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.2020 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1463 /- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

1.ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെയും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം

കൂടുകയും, സ്ഥാപനത്തിന്റെ വരവ് - ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുകയും ചെയ്യുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. രസീത് വഴിയുള്ള പണം വരവ്, പിൻവലിക്കൽ, അടവ് എന്നിവ ചട്ടപ്രകാരം കൃത്യമായി നടക്കുന്നുണ്ട്.സാംഖ്യ പ്രകാരമുള്ള കണക്കുകൾ പ്രതിമാസം റീകൺസൈൽ ചെയ്ത് വരവ്- ചെലവ് അനുപാതവും, നീക്കിയിരുപ്പിന്റെ കൃത്യതയും ഉറപ്പുവരുത്തേണ്ടതാണ്.

3. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. ഇ-ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കേണ്ട, ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ ലഭിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

5. ഗ്രാമപഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.12.2019 | 11/2019 | 03.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.10.16 | 2011-12 മുതൽ 2015-16 വരെ | 22.04.17 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വികസന ഫണ്ട് (പൊതുവിഭാഗം) (ശീർഷകം 160100101), എസ്.സി.പി (160100102), ടി.എസ്.പി (160100103), ധനകാര്യ കമ്മീഷൻ അവാർഡ് (160100104), മെയിന്റനൻസ് ഫണ്ട് റോഡ്(160100401), മെയിന്റനൻസ് നോൺ റോഡ് (160100402) എന്നിവ വാർഷിക ധനകാര്യ പത്രികയിലെ ഐ-6, ആർപി 7എന്നീ ഷെഡ്യൂളുകളിൽ ചേർത്തിട്ടില്ല.

# 1-13 ഓഡിറ്റ് ഇംപാക്റ്റ്

1)ഓഡിറ്റ് എൻക്വയറി നം.5 - ന്റെ അടിസ്ഥാനത്തിൽ 3750/-രൂപ താഴെ കൊടുത്തിരിക്കുന്ന പ്രകാരം അടവാക്കിയിട്ടുണ്ട്.

| ഇനം | തിരിച്ചടച്ച തുക (രൂ.) | രസീത് നമ്പർ/തീയതി |
|---|---|---|
| തൊഴിൽ നികുതി | 3750/- | 119030102702/ 30.01.2020 |

2) ഓഡിറ്റ് എൻക്വയറി നം.6 - ന്റെ അടിസ്ഥാനത്തിൽ 87/-രൂപ താഴെ കൊടുത്തിരിക്കുന്ന പ്രകാരം അടവാക്കിയിട്ടുണ്ട്.

| ഇനം | തിരിച്ചടച്ച | രസീത് നമ്പർ/ |
|---|---|---|

| | തുക(രൂ.) | തീയതി |
|---|---|---|
| (മാനവൽ രസീത് ബുക്ക് നം. 37900 പ്രകാരം ഈടാക്കിയ) വസ്തുനികുതി | 87/- | 119030102700/ 29.01.2020 |

3) അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ തെക്കേകല്ലറക്കൽ റോഡ് സെക്കൻഡ് മെറ്റലിങ്, ടാറിങ്ങ് & കലുങ്ക് നിർമ്മാണം, എന്ന മരാമത്ത് വേലയിൽ കാലിബാരലിന്റെ വില 2808/- രൂപ ഈടാക്കാതെ ബിൽ തുക കരാറുകാരന് നൽകിയതിനാൽ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് രസീത് നമ്പർ 119030102704/30.01.2020 പ്രകാരം ടി തുക തിരിച്ചുപിടിച്ചിട്ടുണ്ട്.

# 1-14 തൊഴിൽ നികുതി രജിസ്റ്ററുകൾ - അപാകതകൾ

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടേയും കമ്പനികളുടേയും തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടേയും പേര് വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തദ്ദേശസ്വയംഭരണസ്ഥാപനം സൂക്ഷിക്കേണ്ടതാണ്. ഈ രജിസ്റ്റർ അനുസരിച്ച്, ശമ്പളത്തിന്റെ/വരുമാനത്തിന്റെ വിവരങ്ങളടക്കം ജീവനക്കാരുടെ പേര് വിവരങ്ങൾ അടങ്ങിയ പത്രിക സമർപ്പിക്കേണ്ടതാണെന്നും തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടേയുംമേൽ നികുതി ചുമത്തേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ട് തൊഴിലുടമയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം നോട്ടീസ് നൽകേണ്ടതാണ്. എന്നാൽ നികുതി അടവാക്കിയിരിക്കുന്നവരുടെ പേര് വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ മാത്രമാണ് ഇവിടെ സൂക്ഷിച്ചു വരുന്നത്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി കുടിശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. അവ നിയമാനുസൃതം തയ്യാറാക്കി യഥാവിധി സൂക്ഷിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

കൂടാതെ പഞ്ചായത്തിന്റെ കരാറുകാർ, പഞ്ചായത്ത് പ്രദേശത്തെ സ്വകാര്യ ഡോക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇവയോടനുബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ചിരിക്കുന്ന തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്. തനത് വരുമാനത്തിന്റെ പ്രധാനവരുമാന സ്രോതസ്സുകളിൽ ഒന്നാണ് തൊഴിൽ നികുതിയെന്നതിനാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇതിലേക്ക് പ്രത്യേകം ക്ഷണിക്കുന്നു.

# 1-15 ലൈസൻസ് - അപാകതകൾ

2018-19 സാമ്പത്തിക വർഷം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയിരിക്കുന്നത് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ അപേക്ഷകളിലെല്ലാം വിറ്റുവരവിന്റെ വിവരം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. 27.04.2018 തീയതിയിൽ എടുത്ത കമ്മിറ്റി തീരുമാനം1(1)ന്റെ അടിസ്ഥാനത്തിൽ അപേക്ഷകരിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കിയിരിക്കുന്നതായിട്ടാണ് പഞ്ചായത്തിൽ നിന്നും നേരിൽ അറിയിച്ചിരിക്കുന്നത്. ചില അപേക്ഷകളിൽ ആവശ്യമായ വിവരങ്ങൾ പൂർണ്ണമായി

രേഖപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ ലൈസൻസ് ഇനത്തിൽ ലഭ്യമായിരിക്കുന്ന വരുമാനം കൃത്യമാണോയെന്ന് വ്യക്തമല്ല. മേൽ പറഞ്ഞ അപാകത ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുന്നു. എല്ലാ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# 1-16 വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറൽ - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | S 157/18-19, വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ |
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 68810 |
| ചെലവ് | ബിൽ നം.27/18-19-/29.01.19- 22720<br>39/18-19/22.03.19-46090<br>-------------------------- -----------------<br>68810 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിനായി കെ.എസ്.ഇ.ബി നൽകിയ എസ്റ്റിമേറ്റിന്റെയും ചുമത്തിയ ജി.എസ്.ടിയുടെയും വിവരം താഴെച്ചേർക്കുന്നു.

| ക്രമ നം | മെറ്റീരിയൽ കോസ്റ്റ് | ലേബർ ചാർജ് | ജി.എസ്.റ്റി | ആകെ |
|---|---|---|---|---|
| 1 | 1385.2 | 17869 | 1732.9<br>1732.9 | 22720 |
| 2 | - | 15647.5 | 2816.55 | 18464.05 |
| 3 | 7429.8 | 15982.1 | 2107.1<br>2107.1 | 27626.10 |
| | 8815 | 49498.6 | 10496.55 | 68810 |

ഗവണ്മെന്റ് ഓഫ് ഇൻഡ്യ, മിനിസ്ട്രി ഓഫ് ഫൈനാൻസിന്റെ 28.06.17 ലെ നോട്ടിഫിക്കേഷൻ നമ്പർ 12/2017 (Central tax rate) sl.no.5 chapter 99 പ്രകാരം ( Services by a goverment authority by way of any activity in relation to any function entrusted to a panchayat under article 243G of the constitution) പഞ്ചായത്തിന്റെ ചുമതലകൾ നിറവേറ്റുന്നതിനുള്ള സേവനങ്ങൾക്ക് ജി.എസ്.ടി ചുമത്താൻ പാടില്ല. എന്നാൽ കെ.എസ്.ഇ.ബി യ്ക്ക് 10496 രൂപ ജി.എസ്. ടി നൽകിയിട്ടുണ്ട്. ഇതിന്റെ കാരണം വ്യക്തമാക്കിയില്ല. ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. കെ.എസ്.ഇ.ബി.യിൽ നിന്ന് തുക തിരികെ ലഭിക്കാനുള്ള സാധ്യതകൾ നോക്കാമെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിരുന്നു. ഈ സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

# 1-17 വെള്ളക്കരം ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | S 04/18-19, വെള്ളക്കരം അടയ്ക്കൽ |

| | |
|---|---|
| അടങ്കൽ | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)- 278000 |
| ചെലവ് | ബിൽ നം..05/18-19/29.06.18- 278000 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്തിലെ തെരുവ് ടാപ്പുകൾ 384 എണ്ണമാണ്. ടാപ്പൊന്നിന് 5250 രൂപ വാർഷിക നിരക്കിൽ വാർഷിക വെള്ളക്കരം 2016000രൂപയും പ്രതിമാസ വെള്ളക്കരം 168000 രൂപയാണ്. കേരള വാട്ടർ അതോറിറ്റിയുടെ 05.06.18 ലെ ബിൽ നം.26068 പ്രകാരം വെള്ളക്കരം കുടിശ്ശിക 2,60,22,763 രൂപയാണ്. 2018-19 വർഷം പ്രോജക്ടിലൂടെ 2,78,000 രൂപയും, വികസന ഫണ്ട് സോഴ്സ് ഡിഡക്ഷനിലൂടെ 9,71,636 രൂപയും വൗച്ചറുകളിലൂടെ 11,76,000 രൂപയും വെള്ളക്കരമായി ഒടുക്കിയിട്ടുണ്ട്. ആകെ ഒടുക്കിയത് 24,25,636. കേരള വാട്ടർ അതോറിറ്റിയുടെ 3/19 ലെ ബില്ലിൽ കുടിശ്ശികയായി കാണിച്ചിരിക്കുന്നത് 3,16,17,896 രൂപയാണ്. 2018 ജൂൺ മാസം മുതൽ 2019 മാർച്ച് മാസം വരെയുള്ള 09 മാസക്കാലയളവിൽ കുടിശ്ശികയിലുണ്ടായ വർദ്ധനവ് 5595133 രൂപയാണ്. 2016000രൂപ ഒടുക്കേണ്ടിടത്ത് 24,25,636രൂപ ഒടുക്കിയിട്ടും വെള്ളക്കരം കുടിശ്ശികയിൽ 5595133 രൂപയുടെ വർദ്ധനവ് ഉണ്ടായി. ഇതിൽ നിന്നും പഞ്ചായത്ത് ഒടുക്കുന്ന തുകകളൊന്നും കേരള വാട്ടർ അതോറിറ്റി വരവ് വെക്കുന്നില്ലെന്ന് കാണാം.

ഇത്ര ഭീമമായ തുക കുടിശ്ശിക വരാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്. ഒടുക്കാനുള്ള തുകയുടെയും ഒടുക്കിയ തുകയുടെയും മുൻ വർഷങ്ങളിലെ കണക്കുകൾ പഞ്ചായത്ത് സൂക്ഷിക്കുന്നുണ്ടോയെന്നും കേരള വാട്ടർ അതോറിറ്റിയുമായി ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ടോയെന്നും, ഉണ്ടെങ്കിൽ അതോറിറ്റിയുടെ നിലപാട് എന്തായിരുന്നുവെന്നും അറിയിക്കേണ്ടതാണ്.

# 1-18 പട്ടികജാതി വിഭാഗക്കാർക്ക് ശ്മശാനം - പണി പൂർത്തിയാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം / പേര് | S014/18-19, പട്ടികജാതി വിഭാഗക്കാർക്ക് ശ്മശാനം |
| അടങ്കൽ | വികസന ഫണ്ട് (എസ്.സി.പി)-1830000 |
| ചെലവ് | ബിൽ നം.14/18-19/22.09.18- 35500/- |
| നിർവ്വഹണേദ്യോഗസ്ഥൻ | അസി. സെക്രട്ടറി |

2010-11ൽ ആരംഭിച്ച പദ്ധതിയ്ക്കായി 2018-19 ൽ നൽകിയ 35500/- രൂപയുൾപ്പടെ 19,56,063/- രൂപ ചെലവാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന്റെ തുടർച്ചയായി താഴെപ്പറയുന്ന കാര്യങ്ങൾ ചേർക്കുന്നു.
1979 ലെ 42810-ാം നമ്പർ ആധാര പ്രകാരം പഞ്ചായത്തിന് സിദ്ധിച്ച, ശ്മശാനമുൾപ്പെടുന്ന ഈ സ്ഥലത്തിന്റെ (സർവ്വേ നം.146/4- 4.8 ആർ) പോക്ക് വരവ് ഇതുവരെ ചെയ്തിട്ടില്ല. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സ്ഥാപനാനുമതി നേടുന്നതിനായിട്ടാണ് 2018-19 ൽ പ്രോജക്ട് മുഖേന 35500/- രൂപ ചെലവഴിച്ചത്. 22.10.23 വരെ അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കാനുള്ള പ്രധാന തടസ്സം സർവ്വേ നം.146/4 പ്രകാരം ടി സ്ഥലം ഡേറ്റാ ബാങ്കിലുൾപ്പെട്ട സ്ഥലമാണ് എന്നുള്ളതാണ്. സ്ഥലം പോക്ക് വരവ് ചെയ്ത് പഞ്ചായത്തിന്റെ പേരിലാക്കുകയും, പദ്ധതി

പൂർത്തീകരിക്കാനാവശ്യമായ നടപടികള് സ്വീകരിക്കേണ്ടതുമാണ്. ശ്മശാന നിർമ്മാണം പൂർത്തീകരിക്കാനാവാത്ത പക്ഷം കോസ്റ്റ് ഫോഡിന് നല്കിയ തുക തിരികെ വാങ്ങേണ്ടതാണ്.

## 1-19 ഗ്രാമപഞ്ചായത്തിൽ നിന്നും മുൻകൂർ ചെലവഴിച്ച തുക സംബന്ധിച്ച്

1.ഏഴിക്കര ഗ്രാമപഞ്ചായത്ത്- സാക്ഷരതാ പ്രേരകിന്റെ വേതനം- കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർക്കുള്ള സെക്രട്ടറിയുടെ 16/08/19 ലെ കത്ത് പ്രകാരം 2 പ്രേരകുമാർക്ക് 9/15 മുതൽ 3/16 വരെയും 07/01/17 മുതൽ 3/17 വരെയും ഒരാൾക്ക് 9/13 മുതൽ 1/14 വരെയുള്ള കാലയളവിലേക്കുമായി ആകെ 1,18,900/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചത് തിരികെ ലഭിക്കാനുള്ളതായി അറിയിച്ചിട്ടുണ്ട്. തുക തിരികെ ലഭിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

2. മുൻകൂർ രജിസ്റ്റർ പ്രകാരം MGNREGS ഭരണച്ചെലവിലേക്കായി 2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും 3,36,963/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. ടി തുകയിൽ 261743/- രൂപ റീഫണ്ട് ചെയ്ത് കിട്ടിയിട്ടുണ്ട്. ബാക്കി നിൽക്കുന്ന തുക 75,220/- തിരികെ ലഭ്യമാക്കേണ്ടതാണ്.

## 1-20 വീട് വാസയോഗ്യമാക്കൽ - പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം / പേര് | S033/18-19, വീട് വാസയോഗ്യമാക്കൽ (എസ്.സി) |
| അടങ്കൽ | വികസന ഫണ്ട് (എസ്.സി.പി)-1950000 |
| ചെലവ് | ബിൽ നം.<br>13/18-19/03.12.18- 250000<br>14/18-19/28.12.18- 223995<br>15/18-19/04.12.18- 225000<br>16/18-19/20.02.19 - 98648<br>17/18-19/20.02.19- 99737<br>18/18-19/22.02.19- 90653<br>19/18-19/22.02.19- 39778<br>21/18-19/13.03.19- 97381<br>22/18-19/13.03.19- 95550<br>23/18-19/13.03.19- 75000<br>24/18-19/18.03.19- 100000<br>25/18-19/18.03.19- 65000<br>--------------- ---------------------<br>14,60,742 |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ നന്ത്യാട്ട്കുന്നം |

പഞ്ചായത്തിലെ വസ്തുനികുതി രേഖകൾ പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾ ധനസഹായത്തിനർഹരല്ല എന്ന് കാണുന്നു.

| ക്രമ നം. | പേര്, വീട്ട് നമ്പർ | ലഭിച്ച ധനസഹായം | ധനസഹായത്തിനർഹരല്ലാത്തതിന്റെ കാരണം |
|---|---|---|---|
| 1 | രാധ.എ.സി, ആറ്റുവാത്തറ, ഏഴിക്കര, 12/54A | 50000 രൂപ | പഞ്ചായത്തിലെ രേഖകൾ പ്രകാരം ഈ നമ്പരിൽ കെട്ടിടമില്ല. വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ ഇല്ലാത്ത കെട്ടിടത്തിനാണ് ധനസഹായം നൽകിയത്. |
| 2 | ഗോപാലകൃഷ്ണൻ, ലങ്കയിൽ ഏഴിക്കര, 11/361B | 50000 രൂപ | ടി |
| 3 | ഗൗരി കരുണൻ, 14/9A | 50000രൂപ | 2015 ആദ്യ പകുതിയിൽ പൂർത്തിയായ കെട്ടിടം. 8 വർഷത്തെ പഴക്കമില്ല. കെട്ടിടം പണി പൂർത്തിയായതിന് ശേഷം 8 വർഷം കഴിഞ്ഞാണ് വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം നൽകാവുന്നത്. |

അർഹരല്ലാത്ത ഗുണഭോക്താക്കൾക്ക് നൽകിയ ധനസഹായം 1,50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ധനസഹായം അർഹരായ ഗുണഭോക്താക്കൾക്കാണ് നല്കുന്നതെന്ന് ഭാവിയിൽ ഉറപ്പ് വരുത്തേണ്ടതാണ്.

# 1-21 ഓടിയ ദൂരം നിർണ്ണയിക്കാതെ വാഹന വാടക നൽകി

| | |
|---|---|
| പ്രോജക്ട് നം, പേര് | S 154/18-19, കാലവർഷക്കെടുതി ദുരിതാശ്വാസ പ്രവർത്തനങ്ങൾ |
| അടങ്കൽ | വികസന ഫണ്ട്- 63000 |
| ചെലവ് | ബിൽ നം..21/18-19-/15.11.18- 63,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

16.08.18 ലെ സർക്കാർ ഉത്തരവ് (ആർ.ടി.)നം. 2262/2018 പ്രകാരം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്താൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കാലവർഷ കെടുതി അനുഭവിക്കുന്നവരെ ദുരിതാശ്വാസ ക്യാംപിലെത്തിക്കുന്നതിന് ഈ ഉത്തരവ് പ്രകാരം തുക വകയിരുത്തി.

(എ) KL-42M-6323 നമ്പർ ഓട്ടോ ടാക്സിയുടെ ഡ്രൈവറായ മുരളീധരന് 13.08.18 ന് ട്രിപ്പ് ഷീറ്റ് പ്രകാരം ഓടിയ 103 കിലോമീറ്ററിന് കിലോമീറ്ററൊന്നിന് 10 രൂപാ വെച്ച് 103 കിലോമീറ്ററിന് 1030 രൂപയും 19.08.18 ന് 120 കിലോമീറ്റിന് 1200 രൂപയും തുടർന്നുള്ള ദിവസങ്ങളിൽ കിലോമീറ്ററൊന്നിന് 10 രൂപ വെച്ച് 960, 980, 950, 890 രൂപയും നൽകിയിട്ടുണ്ട്. എന്നാൽ 21.08.18 ൽ ട്രിപ്പ് ഷീറ്റ് പ്രകാരമുള്ള 110 (44109-43999) കിലോമീറ്ററിന് ടിയാൻ അവകാശമുന്നയിച്ച 1100 രൂപ തിരുത്തി കിലോമീറ്ററിന് 20 രൂപ വെച്ച്

2100 രൂപ നൽകിയിട്ടുണ്ട്. മറ്റ് ദിവസങ്ങളിൽ കിലോമീറ്ററിന് 10 രൂപ വെച്ച് നൽകുകയും 21.08.2018 ന് മാത്രം നിരക്ക് തിരുത്തി 20 രൂപയാക്കി തുക നൽകുകയായിരുന്നു. ഇങ്ങനെ ആയിരം രൂപ അധികം നൽകിയത് ശരിയായ നടപടിയല്ല. ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

(ബി) ശ്രീ ശിവശങ്കരന്റെ ഉടമസ്ഥതയിലുള്ള KL-42-K-6236 എന്ന വണ്ടിയുടെ ട്രിപ്പ് ഷീറ്റിൽ ഓട്ടം തുടങ്ങുന്ന ദിവസമായ 15.08.18 ന് 10 കിലോമീറ്റർ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ട്രിപ്പ് തീരുന്ന ദിവസമായ 26.08.18 ന് റീഡിംഗ് രേഖപ്പെടുത്തിയിട്ടില്ല. 2018ഓഗസ്റ്റ് മാസം 15,16,17,18,24,25,26 ദിവസങ്ങളിലാണ് വണ്ടി ഓടിയിട്ടുള്ളത്. അദ്ദേഹത്തിന് 15500 രൂപ നൽകിയിട്ടുണ്ട്. ഓടിയ ദൂരം എത്രയെന്ന് നിർണ്ണയിക്കാതെയാണ് തുക നൽകിയിട്ടുള്ളത്. ഭാവിയിൽ ഇക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(സി) അജയ് കുമാർ പി.കെ, പുതു നികർത്തിൽ എന്നയാൾക്ക് 18.08.18, 19.08.18 എന്നീ തീയതികളിൽ ദുരിതാശ്വാസ ക്യാംപിലേക്ക് ആളെ എത്തിച്ചതിന് 2200 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഈ ദിവസങ്ങളിലെ ഓട്ടത്തിന് ട്രിപ്പ് ഷീറ്റ് വെച്ചിട്ടില്ല, ദൂരം നിർണ്ണയിക്കാതെയാണ് തുക നൽകിയിട്ടുള്ളത്. ദൂരം നിർണ്ണയിക്കാതെ 2200 രൂപ നൽകിയത് ശരിയായ നടപടിയല്ല. ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-22 ലൈഫ് പദ്ധതി - എത്ര ഗഡുക്കൾ നൽകി എന്നത് സംബന്ധിച്ച രേഖകളില്ല

| | |
|---|---|
| പ്രോജക്ട് നം / പേര് | S116/18-19, ലൈഫ് ഭവന പദ്ധതി, (പട്ടികജാതി വിഭാഗക്കാർക്ക്) |
| അടങ്കൽ | വികസന ഫണ്ട് (എസ്.സി.പി)-29,80,000 |
| ചെലവ് | ബിൽ നം.<br>01/18-19/23.05.18-285324<br>05/18-19/13.08.18-280000<br>08/18-19/12.10.18- 80000<br>10/18-19/29.10.18-480000<br>12/18-19/31.10.18-160000<br>13/18-19/31.10.18-160000<br>14/18-19/13.11.18-320000<br>16/18-19/29.11.18-320000<br>17/18-19/29.11.18-160000<br>21/18-19/24.12.18-160000<br>20/18-19/21.12.18- 40000<br>22/18-19/16.01.19- 40000<br>24/18-19/13.02.19- 40000<br>26/18-19/11.01.19- 160000<br>31/18-19/22.03.19- 26000<br>----------------- ----------------------<br>29,45,324 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ.ഏഴിക്കര |

ഗുണഭോക്താക്കൾക്ക് ധനസഹായം ഗഡുക്കളായി വിതരണം ചെയ്തതിന്റെ രേഖകൾ (രജിസ്റ്റർ) സൂക്ഷിച്ചിട്ടില്ല. തന്മൂലം ഭവന നിർമ്മാണം പൂർത്തിയായിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് സാധിച്ചില്ല.രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് - രൂ.1100/-

1) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി കുറവ് ഈടാക്കിയിരിക്കുന്നു.

| പേര്/സ്ഥാപനം | അർദ്ധവാർഷിക വരുമാനം | തൊഴിൽ നികുതി | | |
|---|---|---|---|---|
| | | ഈടാക്കേണ്ടത് (രൂ.) | ഈടാക്കിയത് (രൂ.) രസീത് നം & തീയതി | കുറവ് ഈടാക്കിയത് (രൂ.) |
| I ബാങ്ക് ഓഫ് ഇന്ത്യ, ഏഴിക്കര. | | | | |
| 1.ജിജ്ജു ജെയിംസ്, ക്ലർക്ക് | 108552/- | 1000/- | 450/- 118030500001 തീ.04.08.2018 ഒന്നാം അർദ്ധവർഷം | 550/- |
| 2. ധനേഷ് എൻ.വി., ക്ലർക്ക് | 104502/- | 1000/- | 450/- 118030500001 തീ.04.08.2018 ഒന്നാം അർദ്ധവർഷം | 550/- |
| ആകെ | | | | 1100/- |

തൊഴിൽ നികുതിയിനത്തിൽ കുറവ് ഈടാക്കിയ 1100/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 കൂലിചെലവ്- അധിക തുക നൽകി

| | |
|---|---|
| പ്രോജക്റ്റ് നം / പേര് | S014/18-19<br>പൊക്കാളി കൃഷിക്ക് കൂലിചെലവ് |
| അടങ്കൽ | വികസന ഫണ്ട് - 467000<br>ബ്ലോക്ക് വിഹിതം-1700000 |

| | |
|---|---|
| | -------------- -------------------------- 2167000 |
| ചെലവ് | ബിൽ നം.02/18-19/27.03.19- 467000<br>1700000<br>-----------------------------------------------<br>2167000 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

ഗീത പി.പി., വലിയപുരയ്ക്കൽ ഏഴിക്കര എന്ന ഗുണഭോക്താവിന് അപേക്ഷയോടൊപ്പം വെച്ചിട്ടുള്ള കരം തീർത്ത രസീത് പ്രകാരം 54.63 ആർ (സർവ്വേ നം. 33/1A1-14.16, 33/1A1-14.16, 33/1A1-26.31 ആർ) കൃഷി സ്ഥലമാണുള്ളത്. കൂലിച്ചെലവ് 17000രൂപ/ ഹെക്ടർ എന്ന നിരക്കിലാണ് നൽകാവുന്നത്. ആയതിനാൽ 54.63X2.471X17000/250 =9179 രൂപയാണ് നൽകാവുന്നത്. എന്നാൽ ശ്രീമതി ഗീത. പി.പി.യ്ക്ക് 29000 രൂപ നൽകിയിട്ടുണ്ട്. അധികം നൽകിയത് 19821 രൂപ. അധികം നല്കിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ അനുബന്ധം 1 ന്റെ ഭാഗമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 384325 | ഭിന്നശേഷി സ്കോളർഷിപ്പ് | 150000 | 234325 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 40000 | ഭിന്നശേഷി സ്കോളർഷിപ്പ് | 40000 | 0 |
| -ടി- | 2018-19 | 145000 | പാൽ വില സബ്സിഡി | 145000 | |
| -ടി- | 2018-19 | 125000 | ലൈഫ് ഭവനപദ്ധതി-ജനറൽ | 125000 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1400000 | ലൈഫ് ഭവനപദ്ധതി-ജനറൽ | 1400000 | |
| -ടി- | 2018-19 | 1800000 | ലൈഫ് ഭവനപദ്ധതി-SCP | 0 | 1800000 |
| -ടി- | 2018-19 | 1100000 | പാടത്ത്പറമ്പ് റോഡ് | 478086 | 621914 |

| | | | | | |
|---|---|---|---|---|---|
| | | | മെയിന്റനൻസ് | | |
| -ടി- | 2018-19 | 500000 | ഇട്ടിയുംപറമ്പിൽ റോഡ് | 452138 | 47862 |
| -ടി- | 2018-19 | 700000 | ഫിഷർമെൻ റോഡ് കാന നിർമ്മാണം | 693313 | 6687 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1700000 | പൊക്കാളി കൃഷി | 1700000 | 0 |

വാർഷിക കണക്കുകൾ പ്രകാരം സംയുക്ത പ്രോജക്റ്റുകളിലെ നീക്കിയിരിപ്പ് തുക redemption 51887/- രൂപ ഉൾപ്പെടെ 2762675/- രൂപയാണ്.

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്ഇബി | വിവധ വാർഡുകളിൽ പോസ്റ്റ് മാറ്റിയിടൽ | 27/18-19 തീയതി 29.01.19 | 22720 | 22720 | 0 |
| കെഎസ്ഇബി | പോസ്റ്റുകൾ മാറ്റൽ | 39/18-19 തീയതി 22.03.19 | 46090 | 46090 | 0 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

.

# 4-5 വായ്പ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | ബാക്കിയുണ്ടായിരുന്ന തുക | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| EMS ഭവന നിർമ്മാണം | ജി.ഒ.(എം. എസ്.) 63480/10/ LSGD/ dt. 11.02.2010 | 7000000 | 658750 | 658750 | 0 | 0 |
| ലൈഫ് ഭവനപദ്ധതി-KURDFC | സ.ഉ (എം.എസ്)68/2018/ തസ്വഭവ തീയതി 18.05.18 | 9254866 | 0 | 0 | 0 | 9254866 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

# 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തര വാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തര വാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 33552871.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 25227848.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 1100.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19821.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 150000.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 1100/- | - | ശ്രീ. കെ.എസ്. ശശീന്ദ്രൻ സെക്രട്ടറി |
| 3-1 | - | 19821/- | ശ്രീമതി സരിതാ മോഹൻ കൃഷി ഓഫീസർ |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 1,50,000/- | **ശ്രീമതി ശ്യാമ, വി.ഇ.ഓ.** |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | **ഇല്ല** | |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

.

**(എഫ്)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ.എസ്. ശശീന്ദ്രൻ, സെക്രട്ടറി | 31.05.2019 ൽ റിട്ടയർ ചെയ്തു. | കൈതവളപ്പിൽ ഹൗസ് |

| | | |
|---|---|---|
| | | ചെറായി പി.ഒ.<br>പിൻ – 683514 |
| ശ്രീമതി.സലീഷ്യ സജിനി<br>അസി. എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>ഏഴിക്കര ഗ്രാമപഞ്ചായത്ത് | മാവുങ്ങൽ വീട്,<br>ചിരിയാക്കടവ്,<br>കണ്ണമാലി-682008 |
| ശ്രീമതി സരിത മോഹൻ<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>ഏഴിക്കര ഗ്രാമപഞ്ചായത്ത് | കൃഷ്ണഗിരി ഹൗസ്<br>കൊച്ചമ്പം റോഡ്<br>മന്നം പി.ഒ.<br>ഫോൺ – 9447895501 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ.-ഇ.കെ.എം(പി12)511/18 തീയതി 22.05.18 |
| 1997-98 ചെലവ് | കെ.എസ്.എ.-ഇ.കെ.എം(പി12)511/18 തീയതി 22.05.18 |
| 1998-99 ചെലവ് | എൽ.എഫ്.ഇ (പി2)852/05, തീയതി.26.5.06 |
| 1999-2000 ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2000-01 പദ്ധതി ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2001-02 പദ്ധതി ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2002-03 വരവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2002-03ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2004-05 | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2005-06 | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2006-07 | എൽ.എഫ്.ഇ (പി2)719//07, തീയതി.30.01.08 |
| 2007-08 | എൽ.എഫ്.ഇ (പി2)11/09, തീയതി.07.09.09 |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്.ഇ(പി2)1842/11,തീയതി.23.11.11 |
| 2011-12 | എൽ.എഫ്.ഇ (പി2)1064/13, തീയതി.16.08.13 |
| 2012-13 | എൽ.എഫ്.ഇ (പി10)24/15, തീയതി.11.02.15 |
| 2013-14&<br>2014-15& | എൽ.എഫ്.ഇ (പി10)234/16, തീയതി.15.02.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി.12)2056/2016,<br>തീയതി 07.12.16 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി.12)1893/2017,<br>തീയതി 14.05.18 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(പി12)337/2019, തീയതി 05.07.19 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം

# <u>അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും എറണാകുളം ജില്ലയിലെ **ഏഴിക്കര** ഗ്രാമപഞ്ചായത്തിന്റെ 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അനുബന്ധം കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ഏഴിക്കര** ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം**

## <u>ന്യൂനതകളുടെ സംഗ്രഹം</u>

1. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2. സഞ്ചയ സോഫ്റ്റ്‌വെയറിലെ ശുദ്ധീകരണത്തിന്റെ ഭാഗമായി journal entry നടത്തി വസ്തുനികുതിയുടെ ഡിമാൻഡിൽ വ്യത്യാസം വരുത്തിയിട്ടുണ്ട്. എന്നാൽ ഡിമാന്റിൽ വരുത്തിയ ഈ വ്യത്യാസം ഭരണസമിതിയോ സെക്രട്ടറിയോ സാക്ഷ്യപ്പെടുത്തി അംഗീകൃതമാക്കിയിട്ടില്ല..

**ഡെപ്യൂട്ടി ഡയറക്ടർ**

## Annexure – 1

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **Ezhikkara Grama Panchayat** for the year ended on 31.03.2019 in Ernakulam District in accordance with Section '4' of the Kerala Local Fund Audit Act 1994 , Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the Certification of accounts of Panchayat Raj Institutions.

In my opinion the Financial Statement of **Ezhikkara Grama Panchayat** for the year 2018-19,subject to the observationsin the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR
KERALA STATE AUDIT DEPARTMENT
DISTRICT AUDIT OFFICE, ERNAKULAM

## Abstrct of Defects / Discripancies.

1. Assets including land has not been valued completely and included in asset register and balance sheet.
2. Purification process of Sanchaya Software resulted in a difference in the demand of Property tax.The new demand in property tax was neither authenciated by the Panchayat Secretary nor by the Finance Standing Committee.

DEPUTY DIRECTOR